(സി) ടിയർ ഗ്യാസ് ഗ്രനേഡ് ഉപയോഗിക്കുന്നതിന് പ്രത്യേക പരിശീലനം നൽകിയിട്ടുള്ള പോലീസ് ഉദ്യോഗസ്ഥൻമാരെയാണ് നിയോഗിക്കാറുള്ളത്. ജനക്കൂട്ടത്തിലുള്ള ആർക്കും ജീവഹാനിയുണ്ടാകാതെ ഏറ്റവും കുറഞ്ഞ ബലപ്രയോഗത്തിലൂടെ സംഭവസ്ഥലത്തുള്ള എക്സിക്യൂട്ടീവ് മജിസ്ട്രേറ്റിന്റെയോ ഉന്നത ഉദ്യോഗസ്ഥന്റേയോ നിയമാനുസൃത മുന്നറിയിപ്പുകൾക്കുശേഷം ടിയർ ഗ്യാസ് പ്രയോഗിക്കുവാനാണ് നിർദ്ദേശം നൽകാറുള്ളത്.

(ഡി) ടിയർ ഗ്യാസ് ഗ്രനേഡ് ഉപയോഗിച്ച് 14 സംഭവങ്ങൾ ഉണ്ടായിട്ടുണ്ട്. ഇതിന്റെ ഫലമായി 5 പേർക്ക് പരിക്കേറ്റു.

(ഇ) മൂന്നു പേർക്ക് പരിക്കേറ്റു.

(എഫ്) ഇപ്പോൾ പരിഗണനയിലില്ല.

വിദ്യാർത്ഥി-യുവജന പ്രക്ഷോഭകർക്കെതിരെയുള്ള കേസുകൾ

119 [1675] *ശ്രീ. എ. കെ. ബാലൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വാശ്രയ മാനേജ്മെന്റ് സ്ഥാപനത്തിലേക്കുള്ള പ്രവേശന പ്പരീക്ഷയുമായി ബന്ധപ്പെട്ട് വിദ്യാർത്ഥി-യുവജനങ്ങൾ നടത്തിയ സമരത്തിനുനേരെ എവിടെയെല്ലാമാണ് ലാത്തിച്ചാർജ്ജും കണ്ണീർവാതക പ്രയോഗവും ഉണ്ടായിട്ടുള്ളത്;

(ബി) പോലീസിന്റെ ലാത്തിച്ചാർജ്ജിലും കണ്ണീർവാതക പ്രയോഗത്തിലും എത്ര വിദ്യാർത്ഥി-വിദ്യാർത്ഥിനികൾക്കാണ് പരിക്കുപറ്റുകയും അംഗവൈകല്യം സംഭവിക്കുകയും ചെയ്തിട്ടുള്ളത്;

(സി) ഈ നടപടികളുമായി ബന്ധപ്പെട്ട് എത്ര പേർക്കെതിരെയാണ് കേസ്സെടുത്തിട്ടുള്ളതെന്നും, ഏതെല്ലാം കുറ്റങ്ങൾ ചുമത്തിയാണ് കേസ് ചാർജ് ചെയ്തിരിക്കുന്നതെന്നും വെളിപ്പെടുത്തുമോ;

(ഡി) ഒത്തു തീർപ്പ് ചർച്ചയുടെ അടിസ്ഥാനത്തിൽ ഏതെല്ലാം കേസ്സുകളാണ് സർക്കാർ പിൻവലിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) — (ഡി) വിവരം ശേഖരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly